# GOVERNMENT OF KERALA

## Abstract

Vigilance Department- Establishment of a new Court of the Enquiry Commissioner & Special Judge and office of the Public Prosecutor with Headquarters at Kollam- Sanction accorded- Orders issued.

## VIGILANCE (C) DEPARTMENT

G.O.(Ms)No.9/2023/VIG Dated,Thiruvananthapuram, 14-12-2023

Read 1 Letter No.D7(B)-14008/2013 dated 14.09.2020, 18.07.2022, 01.03.2023 and 03.04.2023 from the Registrar(District Judiciary), High Court of Kerala, Ernakulam.

2 Letter No. Misc-28278/2020/DVACB dated 18.11.2021, 12.08.2022 and 16.08.2023 from the Director, Vigilance & Anti- Corrupton Bureau, Thiruvananthapuram.

3 Letter No. E 996/2023/ECT dated 24.06.2023 from the Enquiry Commissioner and Special Judge, Thiruvananthapuram.

## ORDER

There are six Vigilance Special Courts(Courts of the Enquiry Commissioner and Special Judge) in the State to try offences punishable under the Prevention of Corruption Act, 1988. These Special Courts are situated at Thiruvanathapuram, Kottyam, Muvattupuzha, Thrissur, Kozhikkode and Thalassery. Analyzing the statistics of the cases pending before the existing Courts, it has been concluded that the trial proceedings in cases charge sheeted under the Prevention of Corruption Act could not be completed within the time frame as stipulated in the Act. This necessitates the establishment of more Vigilance Special Courts. The Hon'ble High Court also recommended Government to establish more Vigilance Courts to eradicate the pendency of cases.

2. Government examined the matter in detail. The additional financial commitment involved in setting up new courts is also meticulously scrutinized and decided to establish one more Vigilance Special Court in the State. Accordingly, sanction is hereby accorded for the establishment

of a new Court of the Enquiry Commissioner and Special Judge with Headquarter at Kollam.

3. The following posts are also created for the newly establishing Court of the Enquiry Commissioner and Special Judge, Kollam.

| Sl. No | Name of Post | Number sanctioned | Scale of Pay(in Rupees) |
|---|---|---|---|
| 1. | Enquiry Commissioner and Special Judge(District Judge) | 1 | 1,44,840-1,94,660(NJPC) |
| 2. | Manager | 1 | 55,200-1,15,300 |
| 3. | Assistant | 2 | 39,300-83,000 |
| 4. | Computer Assistant | 1 | 27,900-63,700 |
| 5. | Confidential Assistant | 1 | 27,900-63,700 |
| 6. | Driver cum Office Attendant | 1 | 25,100-57,900 |
| 7. | Duffedar | 1 | 23,700-52,600 |
| 8. | Office Attendant | 1 | 23,000-50,200 |
| 9. | Sweeper cum Watchman | 1 | 23,000-50,200 |

4. Government is also pleased to accord sanction for the establishment of a new office of the Public Prosecutor in the Vigilance and Anti Corruption Bureau at Kollam to conduct cases before the newly establishing Court of the Enquiry Commissioner & Special Judge, Kollam. The following posts are also created in the newly establishing office of the Public Prosecutor.

| Sl.No. | Name of Post | Number sanctioned | Scale of Pay(in Rupees) |
|---|---|---|---|
| 1 | Public Prosecutor | 1 | 95,600-1,53,200 |
| 2 | Confidential Assistant | 1 | 27,900-63,700 |
| 3 | Clerk | 1 | 26,500-60,700 |

5. The office of the Public Prosecutor will be made operational only after the functioning of the new Court of the Enquiry Commissioner and Special Judge, Kollam

6. The Jurisdiction of the existing Vigilance Court at Thiruvananthapuram and the newly established one at Kollam will be as

follows.

| Sl.No | Location | Jurisdiction(Revenue District/Districts) |
|---|---|---|
| 1 | Thiruvananthapuram | Thiruvananthapuram |
| 2 | Kollam | Kollam and Pathanamthitta |

7. The changes in the jurisdiction of the Courts will be effected only after the publication of the notification in this regard in the Official Gazette. Orders appointing the Enquiry Commissioner and Special Judge at the new Court will be issued later.

8. The Director, Vigilance & Anti-Corruption Bureau will find out suitable accommodation to house the new court of the Enquiry Commissioner and Special Judge, Kollam and the office of the Public Prosecutor, in consultation with the District Collector. The Enquiry Commissioner and Special Judge, Thiruvananthapuram(Unit Coordinator) and the Director, Vigilance & Anti-Corruption Bureau will take further necessary action to get the new Vigilance Court and the new office of the Public Prosecutor operational.

(By order of the Governor)
BISHWANATH SINHA
ADDITIONAL CHIEF SECRETARY

To:

The Registrar (District Judiciary), High Court of Kerala(with C/L).

The Director, Vigilance & Anti-Corruption Bureau, Thiruvananthapuram.

The Enquiry Commissioner and Special Judge, Thiruvananthapuram/ Kottayam/ Muvattupuzha/ Thrissur/ Kozhikode/ Thalassery.

The Vigilance Tribunal, Thiruvananthapuram/ Kozhikode.

The Principal Accountant General(Audit), Kerala, Thiruvananthapuram.

The Principal Accountant General(A&E), Kerala, Thiruvananthapuram.

The District Collector, Kollam.

The General Administration(SC)Department(vide Item No. 1923 dated 12.12.2023).

The Finance Department(vide No. 2009835/Exp.B2/67-2022/Fin dated

30.09.2023)
The Home/Law Department
The Information and Public Relations(Web and New Media)Department
The Vigilance(A/B/D/E/F)Department.
Stock File/ Office Copy.

Forwarded /By order
Signed by
S S Deepu
Date: 14-12-2023 18:58:54
Section Officer

Copy to:
The Private Secretary to Hon'ble Chief Minister
The Staff Officer to Chief Secretary
The PA to Additional Chief Secretary(Vigilance)
The CA to Additional Secretary(Vigilance)

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 12-12-2023**

ഫയൽ നം. വിജി-സി3/331/2020-വിജി. ഇനം നം: 1923

വിഷയം : വിജിലൻസ് വകുപ്പ് - കൊല്ലം ആസ്ഥാനമായി ഒരു വിജിലൻസ് പ്രത്യേക കോടതി പുതുതായി സ്ഥാപിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, വിജിലൻസ് വകുപ്പ്

12/12/23.

1923

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

| കേരള സർക്കാർ<br>(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)<br>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ് | | |
|---|---|---|
| 1. | ഫയൽനമ്പർ | വിജി-സി3/331/2020-വിജി |
| 2. | വകുപ്പ് | വിജിലൻസ് (സി) വകുപ്പ് |
| 3. | വിഷയം | കൊല്ലം ആസ്ഥാനമായി ഒരു വിജിലൻസ് പ്രത്യേക കോടതി പുതുതായി സ്ഥാപിക്കുന്നത്- സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 25.10.2023 |
| 5. | (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി മിനിമോൾ റ്റി. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 15.11.2023. |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വേണു വി. |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 20.11.2023 |
| 12. | കുറിപ്പ് അംഗീകരിച്ച മുഖ്യമന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |

| | | |
|---|---|---|
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | 02.12.2023 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 04.12.2023 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

....

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്.

കൊല്ലം ആസ്ഥാനമായി ഒരു വിജിലൻസ് പ്രത്യേക കോടതി(എൻക്വയറി കമ്മിഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് കോടതി) പുതുതായി സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. അഴിമതി നിരോധന നിയമപ്രകാരം ശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യങ്ങൾ വിചാരണ നടത്തുന്നതിന് സംസ്ഥാനത്ത് 6 വിജിലൻസ് പ്രത്യേക കോടതികൾ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോട്ടയം, മൂവാറ്റുപുഴ, തൃശ്ശൂർ, കോഴിക്കോട്, തലശ്ശേരി എന്നിവിടങ്ങളിലാണ് ഈ കോടതികൾ സ്ഥിതി ചെയ്യുന്നത്. ഓരോ റവന്യു ജില്ലയിലും ഓരോ വിജിലൻസ് കോടതി ആവശ്യമാണെന്നും, അപ്രകാരം 8 പുതിയ കോടതികൾ കൂടി സ്ഥാപിക്കണമെന്നും ബഹു ഹൈക്കോടതി സർക്കാരിനോട് ശിപാർശ ചെയ്തിരുന്നു. നിലവിലുള്ള കോടതികളിൽ വിചാരണ തുടരുന്ന കേസുകളുടെ എണ്ണം, കുറ്റപത്രം സമർപ്പിച്ച കേസുകളിൽ വിചാരണ പൂർത്തിയാക്കി വിധി പുറപ്പെടുവിക്കാനെടുക്കുന്ന കാലദൈർഘ്യം എന്നിവ സംബന്ധിച്ച സ്ഥിതിവിവരകണക്കുകളുടെ അടിസ്ഥാനത്തിൽ ഹൈക്കോടതിയുടെ ശിപാർശ പരിശോധിച്ചതിൽ അഴിമതി നിരോധന നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ കേസുകളുടെ വിചാരണ പൂർത്തിയാക്കുവാൻ സാധിക്കുന്നില്ലായെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. 8 പുതിയ കോടതികൾ സ്ഥാപിക്കുന്ന വിഷയം ധനകാര്യ വകുപ്പുമായി ആലോചിക്കുകയും, ഒരു വിജിലൻസ് കോടതി പുതുതായി ആരംഭിക്കുവാൻ ആ വകുപ്പ് കൺകറൻസ് നൽകുകയും ചെയ്തിട്ടുണ്ട്

3. നിലവിൽ വിചാരണ തുടരുന്ന കേസുകളുടെ സ്ഥിവിവരക്കണക്കുകളും, അടിസ്ഥാനസൗകര്യങ്ങൾ വേഗത്തിൽ ഏർപ്പെടുത്തുന്നതിനുള്ള സാധ്യതയും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, നിലവിൽ തിരുവനന്തപുരം വിജിലൻസ് കോടതിയുടെ അധികാര പരിധിയിൽ വരുന്ന, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ അധികാരപരിധി നൽകികൊണ്ട്, കൊല്ലം ആസ്ഥാനമായി പുതിയ കോടതി സ്ഥാപിക്കാമെന്ന് താത്കാലിക തീരുമാനം കൈക്കൊള്ളുകയും ബഹു. ഹൈക്കോടതിയുടെ കൺകറൻസ് അഭ്യർത്ഥിക്കുകയും ചെയ്തു. അപ്രകാരം കൊല്ലം ആസ്ഥാനമായി പുതിയ കോടതി സ്ഥാപിക്കുന്നതിന് ബഹു. ഹൈക്കോടതി കൺകറൻസ് നൽകിയിട്ടുണ്ട്.

4. പുതിയ കോടതി സ്ഥാപിക്കുന്നതിനാവശ്യമായ അധികസാമ്പത്തിക ബാധ്യതയ്ക്കും, ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള അംഗീകാരം നൽകുന്നതിന് ധനകാര്യവകുപ്പിനോട് അഭ്യർത്ഥിക്കുകയും ആ വകുപ്പ് താഴെപ്പറയുന്ന പ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

"പുതുതായി ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ള Enquiry Commissioner and Special Judge, Kollam വിജിലൻസ് കോടതിക്ക് വേണ്ടിയും, പബ്ലിക് പ്രോസിക്യൂട്ടർ ഓഫീസിന് വേണ്ടിയും

താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നു.

വിജിലൻസ് കോടതി

| Name of Post | Number required | Scale of Pay |
|---|---|---|
| EC & SJ(District Judge) | 1 | 1,44,840- 1,94,660(NJPC) |
| Manager | 1 | 55,200-1,15,300 |
| Assistant | 2 | 39,300-83,000 |
| Computer Assistant | 1 | 27,900-63,700 |
| Confidential Assistant | 1 | 27,900-63,700 |
| Driver cum Office Attendant | 1 | 25,100-57,900 |
| Duffedar | 1 | 23,700-52,600 |
| Office Attendant | 1 | 23,000-50,200 |
| Sweeper cum Watchman | 1 | 23,000-50,200 |

.പബ്ലിക് പ്രോസിക്യൂട്ടർ ഓഫീസ്

| Name of Post | Number Required | Scale of Pay |
|---|---|---|
| Public Prosecutor | 1 | 95,600-1,53,200 |
| Confidential Assistant | 1 | 27,900-63,700 |
| Clerk | 1 | 26,500-60,700 |

ആകെ 13 തസ്തികകൾ

ഇതിന് ബഹു ധനമന്ത്രിയുടെ അംഗീകാരമുണ്ട്".

5. കൊല്ലം ആസ്ഥാനമായി പുതിയ വിജിലൻസ് കോടതി ആരംഭിക്കുന്നതും, അതിന് വേണ്ടി മേൽപ്പറഞ്ഞ 13 തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതുമായ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

1. നിലവിൽ തിരുവനന്തപുരം വിജിലൻസ് കോടതിയുടെ അധികാര പരിധിയിൽ വരുന്ന, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളുടെ അധികാരപരിധി നൽകികൊണ്ട്, കൊല്ലം ആസ്ഥാനമായി ഒരു പുതിയ വിജിലൻസ് പ്രത്യേക കോടതി(എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് കോടതി) സ്ഥാപിക്കാമോ?

2. പുതുതായി സ്ഥാപിക്കുന്ന വിജിലൻസ് പ്രത്യേക കോടതിയ്ക്കും പബ്ലിക് പ്രോസിക്യൂട്ടർ ഓഫീസിനുമായി ഈ കുറിപ്പിലെ ഖണ്ഡിക 4 ൽ പറയുംപ്രകാരം 13 (പതിമൂന്ന്) പുതിയ തസ്തികകൾ സൃഷ്ടിക്കാമോ?